നം.കെ.എസ്.എ.പി.റ്റി.എ./പി 10/1321/2016 തീയതി : 7.12.2016

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ഏറത്ത് ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 12-07-2015 മുതൽ 31-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 19.11.2016മുതൽ<br>30.11.2016 വരെ | ശ്രീ പ്രദീപ് കുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി വീണ.സി, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(19.11.2016മുതൽ 22.11.2016 വരെ)<br>ശ്രീമതി ജയപ്രഭ.പി, സീനി.ഗ്രേഡ് ഓഡിറ്റർ<br>(23.11.2016മുതൽ 30.11.2016 വരെ)<br>ശ്രീ. ഷൈജു.വൈ, സീനി.ഗ്രേഡ് ഓഡിറ്റർ<br>(22.11.2016മുതൽ 30.11.2016 വരെ) |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ശോഭന കുഞ്ഞ്കുഞ്ഞ് (01-04-2015മുതൽ 31-10-2015 വരെ) |
| | ഭരണ നിർവ്വഹണ സമിതി (01-11-2015 മുതൽ 18-11-2015 വരെ) |
| | ശ്രീമതി പ്രസന്ന വിജയകുമാർ (19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | ശ്രീ പ്രഭാകുമാരൻ നായർ (01-04-2015 മുതൽ 05-04-2015വരെ) |
| | ശ്രീ ജി അശോക് കുമാർ (06-04-2015 മുതൽ 13-05-2015വരെ) |
| | ശ്രീ പ്രഭാകുമാരൻ നായർ (14-05-2015 മുതൽ 30-04-2015വരെ) |
| | ശ്രീ ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ (01-06-2015 മുതൽ 20-07-2015വരെ) |
| | ശ്രീ ബി എസ് സുനിൽകുമാർ (21-07-2015 മുതൽ 31-03-2016വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ദുരിതാശ്വാസ നിധി | 1-11 |
| 12 | അനുബന്ധ പത്രികകൾ | 1-12 |

ഭാഗം-II

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | പെർമിറ്റ് നൽകിയതിൽ അപാകത | 2-1 |
| 2 | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-2 |

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | | |
| 3 | വസ്തു നികുതി പരിഷ്കരണ പുരോഗതി | 2-3 |
| 4 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-4 |
| 5 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 6 | പാരാമിലിറ്ററി ജീവനക്കാരന് വസ്തുനികുതി ഇളവ് നൽകി | 2-6 |
| 7 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-7 |
| 8 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2-8 |
| 9 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-9 |

ഭാഗം-III

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. | 3-1 |
| 2 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. | 3-2 |
| 3 | പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് നേടിയില്ല | 3-3 |
| 4 | പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-4 |
| 5 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- പണം നൽകി മരുന്ന് ലഭ്യമായില്ല | 3-5 |
| 6 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ<br>ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-6 |
| 7 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 3-7 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല | |
| 8 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച | 3-8 |
| 9 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 494940 രൂപ നഷ്ടം | 3-9 |
| 10 | കോട്ടക്കാട്ട്പടി സാംസ്കാരികനിലയം - കെട്ടിടം സംരക്ഷണമില്ലാതെ ജീർണ്ണാവസ്ഥയിൽ | 3-10 |
| 11 | തൊഴിലുറപ്പ് പദ്ധതി - കിണർ റീചാർജിംഗ്, സംഘക്കൃഷി എന്നീ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-11 |
| 12 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല | 3-12 |
| 13 | ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങുന്നു | 3-13 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

| | |
|---|---|
| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |

| ഭരണസമിതിയുടെ 23-03-2015 ലെ I-ാം നമ്പർ തീരുമാനം | ഇല്ല |
|---|---|

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 14451472 | 31210560 | 16759088 | |
| വരവ് | 118754400 | 62876499 | | 55877901 |
| ആകെ | 133205872 | 94087059 | | 39118813 |
| ചെലവ് | 124610900 | 85234555 | | 39376345 |
| നീക്കിയിരിപ്പ് | 8594972 | 8852504 | 257532 | |

യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2016 | 26.06.2016 |

## (1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല. ഡിമാന്റ് തുകകൾ കണക്കാക്കാത്തതിനാൽ ആയത് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഷെഡ്യൂൾ B11- സ്ഥിര ആസ്തികളുടെ ഡിപ്രീസിയേഷൻ കാണിച്ചിട്ടില്ല.
3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ B15 പ്രകാരമുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി & ഒ വരവുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 31210560 |
| വരവ് | 62876499 |
| ആകെ | 94087059 |
| ചെലവ് | 85234555 |
| നീക്കിബാക്കി | 8852504 |

## (1-5) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2873628 | 5532493 | 2468257 | 10874378 | 10874378 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1661189 | 6291914 | 0 | 7953103 | 7694615 | 258488 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 9000 | 0 | 9000 | 9000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5296460 | 25082245 | 0 | 30378705 | 30378705 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1675033 | 1974921 | 0 | 3649954 | 3649954 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1715855 | 4883971 | 0 | 6599826 | 4395379 | 2204447 | 0 |
| ലോക ബാങ്ക് സഹായം | 2921000 | 0 | 0 | 2921000 | 2915678 | 5322 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 261 | 229 | 0 | 32 | 87.74 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 11 | 3131600 | 804132 | 25.68 |
| കൃഷി ഓഫീസർ | 6 | 6 | 5239850 | 644806 | 12.31 |
| വെറ്ററിനറി സർജൻ | 7 | 7 | 2036500 | 756177 | 37.13 |
| വി.ഇ.ഒ | 10 | 9 | 13768022 | 8089700 | 58.76 |

| | | | | | |
|---|---|---|---|---|---|
| അസ്സിസ്റ്റന്റ് എൻജിനീയർ | 199 | 175 | 61246168 | 52916386 | 86.40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 1828305 | 1512180 | 82.71 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 2 | 2 | 464000 | 442120 | 95.28 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 300000 | 149974 | 50 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 150000 | 150000 | 100 |
| ഹെഡ് മാസ്റ്റർ | 5 | 4 | 1729189 | 1316920 | 76.16 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 4373500 | 2996900 | 68.52 |
| ആകെ | 261 | 229 | 94267134 | 69779295 | 74.02 |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10198246 | 6306011 | -3892235 | (-38.17%) |
| നികുതിയേതര വരവുകൾ | 482495 | 1951803 | +1469308 | (+304.5%) |
| മറ്റ് വരവുകൾ | 7205778 | 8482079 | +1276301 | (+17.71%) |
| ആകെ | 17886519 | 16739893 | -1146626 | (- 6.41 %) |

## (1-8) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3 | 2 | 1 |
| 2 | തൊഴിൽ രഹിത വേതനം | 22 | 14 | 8 |
| 3 | വിധവാ പെൻഷൻ | 109 | 100 | 9 |
| 4 | വികലാംഗ പെൻഷൻ | 27 | 25 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 6 | 1 |

| | | | | |
|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 690 | 646 | 44 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5323രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-10) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 08-10-2016 | 09/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 29-12-2015 | 2010-11 മുതൽ 2014-15 വരെ | 15-02-2016 | ഇല്ല |

## (1-11) ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-12) അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) പെർമിറ്റ് നൽകിയതിൽ അപാകത

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട ഏറത്ത് വില്ലേജിൽ സർവ്വേ നമ്പർ 290/13,290/14 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് ശ്രീമതി.ബിന്ദു.വി.കെ, മംഗള വിഹാർ, തുവയൂർ വടക്ക്, മണക്കാല.പി.ഒ എന്നയാൾക്ക് ആഡിറ്റോറിയം നിർമ്മാണത്തിന് പെർമിറ്റ് നൽകിയിരുന്നു. 1549.42 $m^2$ പ്ലിന്ത് ഏരിയായുള്ള കെട്ടിടത്തിനാണ് പെർമിറ്റ് നൽകിയത് (പെർമിറ്റ് നം- A4/4523/13 തീയതി 23-09-2014) പ്ലോട്ട് വിസ്തീർണ്ണം 1988.24 $m^{2.}$ ഇത് പ്രകാരം കെട്ടിടത്തിന്റെ F.A.R .779 ( 1549.42 $m^2$ /1988.24 m2 )ആണ്. എന്നാൽ കെ.പി.ബി.ആർ പ്രകാരം

അനുവദനീയമായ F.A.R .7 ആണ്. പ്രസ്തുത കെട്ടിടത്തിന്റെ ലേ-ഔട്ടിന് 07-08-2014ലെ ഉത്തരവ് നമ്പർ സി3-2656/2014/ഡി.ഡിസ് പ്രകാരം ചീഫ് ടൗൺ പ്ലാനർ അംഗീകാരം നൽകിയിരുന്നു.ടി ഉത്തരവിൽ എഫ്.എ.ആർ .7 ൽ കൂടുതലായി വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് അധിക ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം 1391.768 $m^2$ നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത്. 157.652 $m^2$ നിർമ്മാണം (1549.42 $m^2$ - 1391.768 $m^2$ = 157.652 $m^2$ )അനുവദനീയമല്ല. ആയതിന് ചീഫ് ടൗൺപ്ലാനറുടെ നിർദ്ദേശപ്രകാരം അധിക നിരക്ക് ഈടാക്കേണ്ടിയിരുന്നു. അധികനിരക്കിനത്തിൽ ഈടാക്കാനുള്ള 78826 രൂപ ( 157.652 $m^2$ x 500= 78826)ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം പെർമിറ്റ് നൽകിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായെങ്കിലും ഗ്രാമപ്പഞ്ചായത്ത് ടി കെട്ടിടത്തിന് നമ്പർ നൽകി ഒക്യുപെൻസി നൽകിയിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം- 5/16/25-11-2016). എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട ഉടമക്ക് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാകാത്തതിനാലാണ് നമ്പരിംഗിനുള്ള അപേക്ഷ സമർപ്പിക്കാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. ടി വിഷയത്തിൽ അടിയന്തിരമായി ഗ്രാമപ്പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-2) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡായ മണക്കാലയിൽ 2003-04 സാമ്പത്തിക വർഷം മുതൽ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിച്ചു വരുന്നു. എന്നാൽ എഞ്ചിനീയറിംഗ് കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി ഗ്രാമപ്പഞ്ചായത്ത് ഓഡിറ്റ് സമയത്തും നിർണ്ണയിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഡേറ്റാ എൻട്രി നടത്തിയതിൽ ടി കെട്ടിടത്തിന്റെ അളവ് സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന് EP2/264,265,266 എന്നിങ്ങനെ മൂന്ന് നമ്പരുകളാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം-3/16/07-11-2016) നൽകിയിരുന്നു. ആയതിന് എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിന് നികുതി ഈടാക്കുന്നില്ലായെന്നാണ് മറുപടി ലഭിച്ചത്.

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടു കൂടി അടിയന്തിരമായി കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ അളന്ന് തിട്ടപ്പെടുത്തേണ്ടതും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത വിഷയത്തിൽ സ്വീകരിക്കുന്ന എല്ലാ നടപടികളുടെയും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-3) വസ്തു നികുതി പരിഷ്ക്കരണ പുരോഗതി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണ നടപടികൾ ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. ആകെ കെട്ടിടങ്ങളുടെ എണ്ണം 9450 ആണ്.ഇതിൽ ഡേറ്റാ എൻട്രി അപ്രൂവ് ചെയ്തത് 9106 എണ്ണമാണ്. 344എണ്ണം ഡേറ്റാ എൻട്രി ചെയ്യാൻ അവശേഷിക്കുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നികുതി ദായകർക്ക് ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നികുതി അടവാക്കാൻ കഴിയത്തക്ക സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-4) ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം ആരംഭിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. 2015-16സാമ്പത്തികവർഷം 256 സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തികവർഷം ആരംഭിച്ച് വളരെ നാളുകൾക്ക് ശേഷമാണ് പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഡിമാന്റ് രജിസ്റ്റർ,

ലൈസൻസിനായി സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷം ഏതാനും സ്ഥാപനങ്ങളിൽ നിന്നും ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ പേരും വിലാസവും | വ്യപാര ഇനം | ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| ജയിംസ്<br>ജയിൻ ഭവൻ<br>മണക്കാല<br>X/608 A | സ്റ്റേഷനറി ഐറ്റംസ്<br>(2013-14 മുതൽ 2015-16 വരെ) | 25000 | 500x3=1500 | 200x3=600 | 900 |
| റജി.യുഎസ്<br>വിരിപ്പുകാലായിൽ<br>പറന്തൽ പി.ഒ<br>II/139 B | ഹാർഡ് വെയർ വ്യാപാരം | 45000 | 1000 | 500 | 500 |
| റജി.യുഎസ്<br>വിരിപ്പുകാലായിൽ<br>പറന്തൽ പി.ഒ<br>II/139 C | ഓട്ടോമാറ്റിക് ഷട്ടർ | 25000 | 500 | 100 | 400 |

ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 1800 രൂപ ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) അവശ്യമായ സർട്ടിഫിക്കറ്റുകളില്ലാതെ ലൈസൻസ് നൽകി

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങൾക്ക് അവശ്യമായ സർട്ടിഫിക്കറ്റുകളില്ലാതെ ലൈസൻസ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ലൈസൻസിയുടെ പേര് | വ്യപാര ഇനം | അപാകത |
|---|---|---|---|
| 1 | പ്രീതാ വിജയൻ<br>ശ്രീ മംഗലത്ത്<br>തുവയൂർ വടക്ക് | കാർത്തികാ എക്സ്പോർട്സ്<br>(കശുവണ്ടി ഫാക്ടറി) | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റോ ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റോ ഇല്ല |
| 2 | എൻ ശ്രീജിത്<br>ശ്രീ ഭവനം<br>തുവയൂർ വടക്ക് | ഹോമിയോ ക്ലിനിക് | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റില്ല |

| | | | |
|---|---|---|---|
| 3 | ഓമന വർഗ്ഗീസ്<br>പ്ലാവിള പുത്തൻവീട്<br>മണക്കാല | റൈസ് മിൽ | 31-12-015വരെയാണ്പൊല്യൂഷൻ കൺട്രോൾബോൽഡിന്റെ സർട്ടിഫിക്കറ്റുള്ളത് |
| 4 | ജോർജ്ജ്കുട്ടി<br>ലിജിൻ വില്ല<br>കിളിവയൽ | പൊടിപ്പുമിൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റില്ല |
| 5 | ബിജു ദാനിയേൽ<br>കോയിപ്പുറത്ത് വീട്<br>അടൂർ | മെഡിക്കൽ സ്റ്റോർ | ഡ്രഗ്സ് കൺട്രോളറുടെ സർട്ടിഫിക്കറ്റില്ല |
| 6 | സി വി സ്മിത<br>കളീലിൽ<br>തുവയൂർ | മെഡിക്കൽ സ്റ്റോർ | ഡ്രഗ്സ് കൺട്രോളറുടെ സർട്ടിഫിക്കറ്റില്ല |

ലൈസൻസ് നൽകുമ്പോൾ അവശ്യമായ സാക്ഷ്യപത്രങ്ങൾ ഉറപ്പ് വരുത്തേണ്ടതും വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്. പ്രസ്തുത വിഷയങ്ങളിൽ ഉണ്ടായ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കപ്പെടാതിരിക്കേ-ണ്ടതുമാണ്.

## (2-5) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 20 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും ലൈസൻസ് എടുത്തിട്ടില്ല. പ്രസ്തുത വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ റേഷൻ ഷോപ്പുകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതുമാണ്.

## (2-6) പാരാമിലിറ്ററി ജീവനക്കാരന് വസ്തുനികുതി ഇളവ് നൽകി

15-07-2006 ലെ ഗവ ലെറ്റർ നം-4559/എൻ 2/06/ ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാർക്ക് നൽകുന്ന വസ്തു നികുതി ഇളവ് നൽകുന്ന ആനുകൂല്യം പാരാ മിലിറ്ററി ജീവനക്കാർക്ക് അർഹതയില്ല. ആയതിന് വിരുദ്ധമായി ഗ്രഫ് (ജനറൽ റിസർവ്വ് എൻജിനീയറിംഗ് ഫോഴ്സ്) ജീവനക്കാരന് ആനുകൂല്യം നൽകി. 2015-16 സാമ്പത്തിക വർഷം ഗ്രഫ് ജീവനക്കാരനായ ശ്രീ എൻ സുകുമാരൻ, കുഴിവിളയിൽ (കെട്ടിട നം-1/175) എന്നയാളുടെ കെട്ടിടത്തിന്റെ വസ്തുനികുതിയാണ് ഒഴിവാക്കി നൽകിയിട്ടുള്ളത്. ടിയാൾക്ക് നൽകിയ ഇളവ് ഒഴിവാക്കി വസ്തുനികുതി പൂർണ്ണമായും ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.(നം-11/2016 തീ 29-11-2016).ഇത് പ്രകാരം ഗ്രാമപ്പഞ്ചായത്ത് ടിയാളിൽ നിന്നും വസ്തു നികുതി തുകയായ 198 രൂപ രസീത് നം-11611100824/30-11-2016 പ്രകാരം ഈടാക്കി തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## (2-7) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ മൂന്ന് മൊബൈൽ ടവറുകളാണ് ഉള്ളത്. പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കി തുടങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നമ്പർ/കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി |
|---|---|---|---|
| 1 | ഭാരതി എയർടെൽ ലിമിറ്റഡ് | 8/597 | BT – 6600<br>L.C – 330<br>S.C- 1980 |
| 2 | വയർലെസ്സ് റ്റി.റ്റി ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 2/582 | BT – 8000<br>L.C – 400<br>S.C- 2400 |
| 3 | ഹച്ച്സൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2/658 | BT – 7380<br>L.C – 369<br>S.C- 2214 |

01-04-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-8) റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

ജിജു ദാനിയേൽ, ചരിവുകാലായിൽ ഓഡിറ്റോറിയം, ബഥാം മുക്ക്, ചൂരക്കോട് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള 725.35 ച.മീ കെട്ടിടത്തിന് A4-4909/14/05-03-2015 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. എന്നാൽ കംപ്ലീക്ഷൻ പ്ലാൻ പ്രകാരം 172.85 ച.മീ അധിക നിർമ്മാണം നടത്തിയിരുന്നു. ഇത് പ്രകാരം898 .20 ച.മീ നിർമ്മാണത്തിനാണ് വസ്തുനികുതി ഈടാക്കിയത്. എന്നാൽ 172.85 ച.മീ അധിക നിർമ്മാണം ക്രമവൽക്കരണം നടത്തിയപ്പോൾ ച.മീറ്ററിന് 5 രൂപ നിരക്കിലാണ് റഗുലറൈസേഷൻ ഫീസ് ഈടാക്കിയത്. 2011 ലെ പുതുക്കിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ച.മീറ്ററിന് 10 രൂപ നിരക്കിലാണ് (പെർമിറ്റ് ഫീയുടെ ഇരട്ടി) റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടിയിരുന്നത്. ഇപ്രകാരം റഗുലറൈസേഷൻ ഫീ ഈടാക്കിയതിലെ കുറവ് മൂലം 865 രൂപയുടെ നഷ്ടം സംഭവിച്ചിരുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം-12/16 തീയതി 29-11-2016). ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്പഞ്ചായത്ത് കെട്ടിട ഉടമയുടെ പക്കൽ നിന്നും 865 രൂപ രസീത് നം- 1161100819/30-11-2016 പ്രകാരം ഈടാക്കി തനത് ഫണ്ടിൽ അടവാക്കി.

## (2-9) തൊഴിൽനികുതി പിരിവിലെ അപാകതകൾ

എ) സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും തുക ഒടുക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | സ്ഥാപനത്തിന്റെ പേര് | ആകെ ഈടാക്കിയ സ്ഥാപന തൊഴിൽനികുതി | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | മുത്തൂറ്റ് ബാങ്ക്, മണക്കാല | 1250 | I |
| 2 | പോപ്പുലർ ഫിനാൻസ്, മണക്കാല | 1250 | I |
| 3 | ഏറത്ത് സർവ്വീസ് സഹകരണ ബാങ്ക്, ചൂരക്കോട് ബ്രാഞ്ച് | ഇല്ല | I & II |
| 4 | പത്തനംതിട്ട ജില്ലാസഹകരണ ബാങ്ക്, കിളിവയൽ ശാഖ | ഇല്ല | I && II<br>(2013-14, 2014-15 വർഷങ്ങളിലും ഒടുക്കിയിട്ടില്ല) |
| 5 | സെന്റ് ഗ്രിഗോറിയസ് കാഷ്യൂ ഫാക്ടറി, പുതുശ്ശേരിഭാഗം | ഇല്ല | I & II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

ബി)സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

സെന്റ് ഗ്രിഗോറിയസ് കാഷ്യൂ ഫാക്ടറിയിലെ ഓഫീസ് ജീവനക്കാരുടെയും വടക്കടത്തുകാവ് വൈഷ്ണവം ഫ്യൂവൽസിലെയും ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച റിട്ടേണുകൾ ഗ്രാമപ്പഞ്ചായത്തിന് നൽകുകയോ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. (സെന്റ് ഗ്രിഗോറിയസ് കാഷ്യൂ ഫാക്ടറിയിലെ ജീവനക്കാരിൽ നിന്നും 2014-15 2-ാം അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.)ഗ്രാമപ്പഞ്ചായത്ത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നുണ്ടെങ്കിലും റിട്ടേണുകൾ നൽകി നികുതി ഒടുക്കാത്ത സ്ഥിതിയാണുള്ളത്.

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ

സ്വീകരിക്കേണ്ടതാണ്.

സി) തൊഴിൽനികുതി - കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം തൊഴിൽനികുതി ഇനത്തിൽ വർഷാരംഭത്തിലെ കുടിശ്ശിക ഡിമാന്റ് 17705 രൂപയാണ്. ആയതിൽ 6740 രൂപ പിരിച്ചെടുത്തശേഷം വർഷാവസാനം 10965 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ തൊഴിൽനികുതി ഇനത്തിലുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള കുടിശ്ശികയുടെ വിശദാംശം ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിയാണുള്ളത്.

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഭൂമികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | വടക്കടത്തുകാവ് മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 18 ആർ 21ച.മീ |
| 2 | മണന്തല മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 20ആർ |
| 3 | ചക്കി മുക്ക് തടത്തിൽപ്പടി പഞ്ചായത്ത് വക സ്ഥലം | 624/4 | 1090ആർ |
| 4 | നെടുംകുന്ന് മല | രേഖപ്പെടുത്തിയിട്ടില്ല | 1 ഹെക്ടർ |
| 5 | ചിറ്റാനി മുക്ക് | രേഖപ്പെടുത്തിയിട്ടില്ല | 2 ആർ 200 ച.മീ |
| 6 | വെള്ളക്കുളങ്ങര | രേഖപ്പെടുത്തിയിട്ടില്ല | 400 ച.മീ |
| 7. | നിയർ ഓഫ് മുരുക ടെമ്പിൾ | രേഖപ്പെടുത്തിയിട്ടില്ല | 400ച.മീ |
| 8. | നെടിയകാലാ ഏല പുറമ്പോക്ക് | രേഖപ്പെടുത്തിയിട്ടില്ല | 270 ച.മീ |

പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന ഭൂമിയുടേതുൾപ്പെടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വസ്തുക്കളുടെയൊന്നും ഉടമസ്ഥതാവകാശം തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.മേൽപ്പറഞ്ഞ വസ്തുവിന്റെയൊന്നും അസ്സൽ പ്രമാണം പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) മറുപടി ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്ററിൽ വസ്തുവിനെക്കുറിച്ചുള്ള വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ല. സർവ്വേ നമ്പർ, ആസ്തിയുടെ മൂല്യം ഇവ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ മിക്ക വസ്തുവകകളുടെയും അതിർത്തി നിർണ്ണയിക്കുകയോ വേലികെട്ടിത്തിരിക്കുകയോ ചെയ്തിട്ടില്ല.പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കാത്തതു കാരണം പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടുന്നുണ്ടോ എന്നുപോലും അറിയാൻ പറ്റാത്ത സ്ഥിതി വിശേഷമാണുള്ളത്.

ആസ്തിസംരക്ഷണത്തിനായി പദ്ധതികളൊന്നും ആവിഷ്കരിക്കുന്നില്ല.ചെലവഴിക്കാത്ത പദ്ധതി വിഹിതം വർഷാവസാനം ലാപ്സാകുന്നതാണ്.ആസ്തി സംരക്ഷണത്തിനായി വകയിരുത്താവുന്ന തുക കൂടിയാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടത്.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരം സ്ഥലം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസറോട് പഞ്ചായത്തിന്റെ വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച് വിവരങ്ങൾ ആരായാവുന്നതും നിശ്ചിതസമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടം 5 പ്രകാരം അനധികൃത കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

റവന്യൂ,രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അസ്സൽ പ്രമാണം കൈവശപ്പെടുത്തേണ്ടതും വസ്തു അളന്നുതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (3-2) തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ തദ്ദേശഭരണ വകുപ്പിന്റെ 7/7/2010 ലെ 43742/സിസി3/2010/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ചെലവിന്റെ 50% KSEB വഹിക്കണമെന്നും ബാക്കി തുക തദ്ദേശഭരണ സ്ഥാപനം നല്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 31.12.2014 തീയതിയി വരെയായി പരിമിതപ്പെടുത്തിയിരുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 31.12.2014-നകം ഏർപ്പെടുത്താത്ത്ത് മൂലം കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിക്കുമായിരുന്ന 50% സബ്സിഡി അനുകൂല്യം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 118742/- രൂപയാണ് പഞ്ചായത്ത് ഒടുക്കുന്നത്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി തനത് ഫണ്ടിൽ നിന്നുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-3) പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് നേടിയില്ല.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയ ഗ്രാമ പഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | നൽകിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|
| ദേശാഭിമാനി | 17680 | 3859/26.09.2015 |
| ദേശാഭിമാനി | 12688 | 5095/25.11.2015 |
| ദേശാഭിമാനി | 12688 | 5996/14.03.2016 |
| ദേശാഭിമാനി | 15860 | 5999/16.03.2016 |
| ആകെ | 59096 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 8864/ രൂപ (59096x15%) പരസ്യ ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## (3-4) പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 154000/- രൂപയാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് 2012-13 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ടാപ്പുകളുടെ എണ്ണം 350 ആയി നിജപ്പെടുത്തുകയും ചെയ്തിരുന്നു.പിന്നിട് 2 ടാപ്പുകൾ കൂടി സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 352 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നത്.സംയുക്ത പരിശോധന നടത്തിയിട്ട് മൂന്ന വർഷം കഴിഞ്ഞിട്ടുണ്ട്.

പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് 16-11-2013 ലെ ജി.ഒ. (എം.എസ്). 362 / 2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

എത്ര ടാപ്പുകൾ ഏതൊക്കെ വാർഡുകളിൽ പ്രവർത്തന ക്ഷമമാണെന്ന് വിലയിരുത്തുന്നതിന് കൃത്യമായ സംവിധാനം ഇല്ല .നിലവിലുള്ള 352 ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## (3-5) ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- പണം നൽകി മരുന്ന് ലഭ്യമായില്ല.

| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>പ്രോജക്റ്റ് നമ്പർ-243/16 |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 50000 (റോഡിതര സംരക്ഷണ ഗ്രാന്റ് ) |
| ചെലവ് തുക | 50000 (ഡി.ഡി.നമ്പർ 419570 തീയതി 24.02.2016 ) |

ഏറത്ത് ഹോമിയോ ആശുപത്രിക്ക് കേരള സംസ്ഥാന ഹോമിയോപ്പതി കോർപ്പറേഷനിൽ നിന്നും നിന്ന് മരുന്ന് വാങ്ങുന്നതിന് 50000 രൂപ നൽകിയിരുന്നെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.. നിർദ്ധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## (3-6) ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഫുഡ് ടെസ്റ്റിംഗ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ

കീഴിലുള്ള 24 അങ്കണവാടികളിലൂടെ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

## (3-7) അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. അങ്കണവാടികളുടെ 2015-16 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ഈ കാലയളവിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പാലിക്കേണ്ടതാണ്.

## (3-8) അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 24 അങ്കണവാടികളാണുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഇവയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|
| സ്വന്തമായി കെട്ടിടം ഉള്ളവ | 19 |
| ടോയ് ലറ്റ് സൗകര്യം ഉള്ളവ | 19 |
| ബേബി ഫ്രണ്ട് ടോയ് ലറ്റ് സൗകര്യം ഉള്ളവ | 9 |
| ചുറ്റുമതിൽ ഉള്ളവ | 16 |
| വൈദ്യുതി ഉള്ളവ | 19 |
| കുടിവെള്ളം ലഭ്യമായവ | 8 |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 19 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 0 |

അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം പതിമൂന്നിൽ താഴെ മാത്രമാണ്. രണ്ടിടത്ത് മാത്രമാണ് ഇരുപതിൽ കൂടുതൽ കുട്ടികളുള്ളത്. അങ്കണവാടി നം-38 വളരെ പഴക്കമുള്ള ഓടിട്ട ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ മേൽക്കൂര ജീർണ്ണാവസ്ഥയിലാണ്. ആയതുപോലെ അങ്കണവാടി നം-26ന്റെ സമീപപ്രദേശത്ത് പാറ

പൊട്ടിക്കുന്നതിനാൽ കെട്ടിടത്തിന് നാശം സംഭവിക്കുകയും കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയങ്ങളിൽ ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. പ്രസ്തുത സാഹചര്യത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ കുട്ടികളെ എത്തിക്കുന്നതിനായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-9) റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ ഫണ്ട് നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/$m^3$ ആണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) - Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum | Day | 0.070 | 800 | 56.00 |

| | | | | | |
|---|---|---|---|---|---|
| | with Hopper | | | | |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, 40.95% | | | | | 1946.47 |
| Total | | | | | 6699.76 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷനു പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനും, നിരക്കും (7058.80/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7).

For Flooring: (DSR Code:11.7) - Details of cost for 1$m^3$

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78 |

അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഇനം നം. | അളവ് (m3) | പ്രതിഫലം നൽകിയത് | അനുവദനീയമായത് | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (@7058.78/ m3) | (@ 6699.76/ m3) | |
| 1 | കുഴിയിൽപ്പടി -വട്ടത്തിനാൽവിളപ്പടി റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - S0068/16<br>അടങ്കൽ - ₹299100<br>കൺവീനർ - ശ്രീ തുളസി,<br>പാറവിളകിഴക്കേതിൽ,ചൂരക്കോട്<br>ചെലവ് - ₹ 281377<br>ഡി.ഡി നം, തീ. - 433985/22-12-2015<br>എം.ബുക്ക് നം. 12/15-16 | 3 | 19.69 | 138987 | 131918.27 | 7068.73 |
